"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതിവകുപ്പ് - ചലനപരിമിതി നേരിടുന്ന ഭിന്നശേഷിക്കാർക്ക് സൗജന്യ വിതരണത്തിനുള്ള സൈഡ് വീലോട്ടുകൂടിയ സ്കൂട്ടർ കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന M/s Ace Motors Private Limited എന്ന സ്ഥാപനത്തിൽനിന്ന് വാങ്ങുന്നതിന് കേരളസംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന് പർച്ചേസ് അനുമതിനൽകി ഉത്തരവ് പുറപ്പെട്ടുവിക്കുന്നു

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.181/2025/SJD തീയതി,തിരുവനന്തപുരം, 03-07-2025

---

പരാമർശം:-

1. 20.05.2025-ലെ സ. ഉ. (സാധാ) നമ്പർ. 109/2025/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്.
2. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 12.06.2025-ലെ 212/ബി.2/ഭി.ക്ഷേ.കോ/2025 നമ്പർ കത്ത്

**ത്തരവ്**

**2025-2026** സാമ്പത്തികവർഷം കേരളസംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിനായി **2235-02-190-98-**പ്ലാൻ എന്ന ശീർഷകത്തിൽ പദ്ധതിവിഹിതമായി **11,00,00,000/-** രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത കോർപ്പറേഷൻറെ 'ശുഭയാത്ര' പദ്ധതിയിലുൾപ്പെടുത്തി സൈഡ് വീലോടുകൂടിയ സ്കൂട്ടർ വാങ്ങുന്നതിനായി മേൽ ശീർഷകത്തിൽനിന്ന് തുക വിനിയോഗിക്കുന്നതിന് പരാമർശം **1** ഉത്തരവ് പ്രകാരം കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. ചലനപരിമിതി നേരിടുന്ന ഭിന്നശേഷിക്കാർക്ക് സൗജന്യ വിതരണത്തിനുള്ള സൈഡ് വീലോട്ടുകൂടിയ സ്കൂട്ടർ (88 എണ്ണം) മൊത്തം 1,00,00,000/- രൂപയ്ക്ക് കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന M/s Ace Motors Private Limited എന്ന സ്ഥാപനത്തിൽനിന്ന് 2025-2026 സാമ്പത്തികവർഷം വാങ്ങുന്നതിനുള്ള അനുമതിനൽകുമെന്ന് ആവശ്യപ്പെട്ട് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം 2-പ്രകാരം സർക്കാരിൽ പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

3. സൈഡ് വീലോട്ടുകൂടിയ സ്കൂട്ടർ വാങ്ങുന്നതിനായി കോർപ്പറേഷൻ സ്റ്റോർ പർച്ചേയ്സ് മാനുവലിൽ അനുശാസിക്കുന്നതിൻപ്രകാരം ജെം പോർട്ടൽ മുഖാന്തരം ശ്രമിച്ചിരുന്നു. എന്നാൽ, പ്രസ്തുത വാഹനം ജെം പോർട്ടലിൽ ലഭ്യമല്ലാതിരുന്നതിനാൽ സ്റ്റോർ പർച്ചേയ്സ് മാനുവൽ പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിക്കുകയും, ടെണ്ടർ സമർപ്പിച്ച മൂന്ന് സ്ഥാപനങ്ങളിൽ ഏറ്റവും കുറഞ്ഞ പർച്ചേയ്സ് റേറ്റ് ക്വോട്ടുചെയ്ത (ഒരു സ്കൂട്ടറിന് - 1,13,500/-

രൂപ) കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന M/s Ace Motors Private Limited എന്ന സ്ഥാപനത്തെ ടെണ്ടർ ടെക്നിക്കൽ കമ്മിറ്റിയും, ഫിനാൻഷ്യൽ ഇവാല്യുവേഷൻ കമ്മിറ്റിയും തിരഞ്ഞെടുത്ത് ശിപാർശചെയ്യുകയും ടി സ്ഥാപനവുമായി നെഗോഷ്യേറ്റ് ചെയ്തതിൻ പ്രകാരം ഒരു സ്കൂട്ടറിന് 1,12,500/- രൂപ നിരക്കിൽ ആകെ ടെണ്ടർ തുകയായ 1,00,00,000/- രൂപയ്ക്ക് തുല്യമായ സൈഡ് വീലോടുകൂടിയ 88 സ്കൂട്ടറുകൾ ടി സ്ഥപനത്തിൽനിന്ന് നൽകുവാൻ തയ്യാറാണെന്ന് ടി സ്ഥാപന അധികൃതർ അറിയിച്ചിട്ടുള്ളതായും കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-2026 സാമ്പത്തികവർഷത്തെ 2235-02-190-98-പ്ലാൻ എന്ന ശീർഷകത്തിൽ കേരളസംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന് വകയിരുത്തിയിട്ടുള്ള 11,00,00,000/- രൂപയിൽനിന്ന് 1,00,00,000/- രൂപ (ഒരു കോടി രൂപ മാത്രം,) പരാമർശം 1-ലെ സർക്കാർ ഭരണാനുമതി ഉത്തരവ് പ്രകാരം വിനിയോഗിച്ച്, ചലനപരിമിതി നേരിടുന്ന ഭിന്നശേഷിക്കാർക്ക് സൗജന്യ വിതരണത്തിനുള്ള സൈഡ് വീലോടുകൂടിയ സ്കൂട്ടർ (88 എണ്ണം) കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന M/s Ace Motors Private Limited എന്ന സ്ഥാപനത്തിൽനിന്ന് വാങ്ങുന്നതിനുള്ള പർച്ചേസ് അനുമതി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർക്ക് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗക്ഷേമ
കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്) കേരളം,
തിരുവനന്തപുരം
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Vipin S D
Date: 04-07-2025 12:14:25
സെക്ഷൻ ഓഫീസർ